## പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3751 19.03.2018 - ൽ മറുപടിക്ക്**

## കീഴാറ്റൂർ പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങളിലെ തടസ്സം

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.സി.കെ. ഹരീന്ദ്രൻ :** | | **ശ്രീ. ജി. സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** | |
| (എ) | പാറശ്ശാല,കാട്ടാക്കട മണ്ഡലങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന കീഴാറ്റൂർ പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ട തടസ്സം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ടി പ്രവൃത്തിയുടെ നിർമ്മാണ കരാർ ഏറ്റെടുത്തിരിക്കുന്നത് സർക്കാർ ഏജൻസിയായ കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ (KSCC) ആണ്. എന്നാൽ KSCC സബ് കരാർ നൽകിയ ശ്രീ. ഹാഷിർ എന്ന കരാറുകാരൻ സമയബന്ധിതമായി പ്രവൃത്തികൾ നടത്താതിരുന്നത് കാരണം KSCC ടി കരാറുകാരനെ നീക്കം ചെയ്തിട്ടുണ്ട്. |
| (ബി) | ഈ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി എന്താണെന്നും ഇത് പുനരാരംഭിക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും അറിയിക്കാമോ ; | (ബി) | ഡിപ്പാർട്ട്മെന്റ് തലത്തിലും സർക്കാർ തലത്തിലുമുള്ള നിരന്തരമായ ഇടപെടലുകൾക്ക് അടിസ്ഥാനമായി നിർമ്മാണ കരാർ ഏറ്റെടുത്തിരിക്കുന്ന KSCC സബ് കരാറുകാരനായ ശ്രീ. ഹാഷിറുമായുള്ള കരാർ റദ്ദ് ചെയ്ത് |

ഒഴിവാക്കി. പ്രവൃത്തികൾ റീ ടെണ്ടർ നടത്തി പുതിയ കരാർ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്.

| | |
|---|---|
| (സി) ഈ പ്രവൃത്തിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ എന്നേയ്ക്ക് പുനരാരംഭിക്കാനാകുമെന്നും എത്ര സമയം കൊണ്ട് പ്രവൃത്തി പൂർത്തീകരിക്കാനാകും എന്നും അറിയിക്കാമോ ? | (സി) ടി പ്രവൃത്തിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ റീ ടെണ്ടർ നടത്തി പുതിയ കരാർ നൽകുന്ന മുറയ്ക്ക് പുനരാരംഭിക്കാനാകും എന്ന് പ്രതീക്ഷിക്കുന്നു. പണി തുടങ്ങി 5 മാസം കൊണ്ട് പ്രവൃത്തികൾ പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. |

**സെക്ഷൻ ഓഫീസർ**